# E
# ത
# ളു
# ക
# ൾ





## ഡിജിറ്റൽ മാഗസിൻ 2024

## ജി എച്ച് എസ് എസ് ഉദിനൂർ

| |
|---|
| ആശംസ |
| EDITORIAL BOARD |
| ഗാന്ധി എന്ന മഹാത്മാവ് –ശ്രീനന്ദ.ടി.പി |
| THE LAND OF BLOOD AND SCREAMING - AFEEFATH.K.V.P |
| മങ്ങുന്ന ഗാന്ധി തെളിയുന്ന ഗോഡ്സേ –അൽക്ക ഇ.വി |
| അണയാത്ത ദീപം: വരും വരാതിരിക്കില്ല – ഫർസാന ഫൈസൽ.പി |
| നഷ്ട പ്രണയം – നിവേദിത.വി |
| ഇന്ദ്രിയങ്ങളെ അതിജീവിച്ച ഒരാൾ – നീരജ.ടി.പി |
| GENDER EQUALITY - SANJAYJITH.P.V |
| വിദ്യാലയം – ശ്രേയ |
| WHY ME - SAMVRITHA.J.SUNIL |
| HINDI POEM - DEVANANDA.K.V |
| തിരയും തീരവും– അനഘ.എം |
| മികവുകൾ |
| മഹാഭാരതം – ദിയ വി |

# EDITORIAL BOARD

CHIEF EDITOR



DHASARADH.C

EDITORIAL MEMBERS



SREELAKSHMI.S.NATH



VEDHIKA.K.P



THANSEEHA SHUKKOOR



AMAL JITH.K



ATHUL.S.NAMBEESAN

# ആശംസ


പ്രിയപ്പെട്ട വിദ്യാർത്ഥികളെ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2018–19 ൽ വിവര സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുന്നതിനും പരിശീലനം നൽകുന്നതിനും ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് നമ്മുടെ സ്കൂളിലും സ്ഥാപിതമായതിന്റെ സന്തോഷം നിങ്ങളോരോരുത്തരെയും അറിയിക്കട്ടെ. ഇതിനോടനു ബന്ധിച്ച് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാ ക്കിയതിലും അതീവ സന്തോഷം അറിയിക്കുന്നു. വളരെ ശ്രമകരമായ ജോലി താൽപര്യ പൂർവ്വവും സന്തോഷത്തോടുകൂടിയും ഏറ്റെടുത്ത് പൂർത്തീകരിച്ചത് വളരെ അഭിമാനക രമാണ്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോ ലിറ്റിൽ കൈറ്റ്സ് അംഗത്തോടും നേതൃത്വം നൽകിയ അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് ഇത്തരം മാഗസിനുകൾ സഹായകരമാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഇനിയും മികച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നട പ്പിലാക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുപോലെ ആ മാഗസിനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മറ്റ് എല്ലാ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും കൂടുതൽ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

സ്നേഹപൂർവ്വം,
ഹെഡ് മിസ്ട്രസ്സ്
സുബൈദ.കെ

# ഗാന്ധി എന്ന മഹാത്മാവ്

സത്യത്തിന്റെ അടിത്തറയായ ഗാന്ധി
ഗാന്ധിയിൽ ഉണരുന്ന സത്യാഗഹം
സമരത്തിൻ മുറകൾ ആകെ മാറി
അഹിംസയായി മാറി ഗാന്ധി
വള്ളത്തോളിൻ ഗുരുനാഥനാണ് ഗാന്ധി
സ്നേഹത്തിൻ പര്യായമാണ് ഗാന്ധി
ഗാന്ധിയിലുണരുന്ന സ്നേഹം
ധർമ്മത്തിൻ പ്രതീകം ഗാന്ധി
ഗാന്ധിയാകുന്ന ധർമ്മം

ശ്രീനന്ദ.ടി.പി
8B



VASUDEV
X.A

# THE LAND OF BLOOD AND SCREAMING

War the stream of blood
War the number of death
War the use of weapons
War the result to winner and failure
The action to die
The action to live
War makes a history
And war makes fullstop to
someones life
It distroys
time,peace,lives,relations.
It done for rights,lands and lives

AFEEFATH.KVP
IX G




## മങ്ങുന്ന ഗാന്ധി,തെളിയുന്ന ഗോഡ്സേ

മുസിരിസിന്റെ തെരുവുകളിൽ
ലഹരിയുടെ മാറിടം തീർത്ത പുക
നിഴലിച്ച പകലിൽ കത്തിയെരിഞ്ഞ
കലാപ വീഥികളിൽ
മൂല്യങ്ങളുടെ നിറം മങ്ങവേ
മതേതരത്വം മോഷണം പോയത്രേ;
കട്ടതാര്?
ഹിന്ദുവോ മുസൽമാനോ
കുഞ്ഞാടുകളിലൊരുവനോ?
കൊന്നിരിക്കുന്നു നിങ്ങളെൻ " ഇന്ത്യയെ"
പുതിയൊരു "ഭാരതം"
പടുത്തുയർത്താൻ

അൽക്ക. ഇ.വി
IX.C

# അണയാത്ത ദീപം



## വരും.... വരാതിരിക്കില്ല

സമയം ഏറെയായിരിക്കുന്നു. ആ വീടിന്റെ വാതിൽ ഇതുവരേ അടഞ്ഞിട്ടില്ല. ഒരു മെഴുകുതിരിയുടെ വെളിച്ചത്തിൽ ഒരു അമ്മയും മകനും ഇരിക്കുന്നു. ഇരുന്നിരുന്ന് മടുത്ത് എന്നത്തെയും എന്നത്തേയും പോലെ അവർ നിരാശയോടെ വീട്ടിനകത്തുകയറി കതകടച്ചു.എന്നാലും അവർക്കറിയാമായിരുന്നു ഇന്നല്ലെങ്കിൽ നാളെ... അഞ്ച് വർഷങ്ങൾക്ക് മുമ്പ് സൗദിക്കുപോയ അച്ഛനെക്കാത്താണ് ഇരുവരുടെയും ഇരിപ്പ്. കുറേ നാളുകളായി ഒന്നു വിളിച്ചിട്ടുപോലും. പണ്ടെപ്പോ അവസാനമായി വിളിച്ചപ്പോൾ പറഞ്ഞതാ മോനെ, അമ്മയോട് പറഞ്ഞേക്ക് ഇനി ഞാൻ അങ്ങോട്ടില്ല. ആ ശബ്ദത്തോടെ അത് അവസാനിച്ചു. പക്ഷേ അവർക്കൊന്നും മനസ്സിലായില്ല. അതിനുശേഷം അങ്ങോട്ട് വിളിച്ചിട്ടും കിട്ടിയിരുന്നില്ല. അതിന് തലേദിവസം അച്ഛൻ വിളിച്ചപ്പോൾ പറഞ്ഞതായിരുന്നു അടുത്ത ആഴ്ച ഞാൻ നാട്ടിൽ വരുമെന്ന്. പക്ഷേ ആ ആഴ്ചകൾ മാസങ്ങളായും മാസങ്ങൾ വർഷങ്ങളായും നീണ്ടുപോയി. പക്ഷേ ആ കാത്തിരിപ്പ് നിലച്ചില്ല. നിലക്കുകയുമില്ല.

കുറച്ച് ദിവസങ്ങൾക്ക് ശേഷം മകന് ടി.വി നോക്കിക്കൊണ്ടിരിക്കുമ്പോൾ അവൻ ഒരു വാർത്ത കണ്ടു. അത് ഒരു തത്സമയ ദൃശ്യമായിരുന്നു. സൗദി അറേബ്യയിൽ ഒരു വ്യക്തിക്ക് ജീവപര്യന്തം ജയിൽ ശിക്ഷ ലഭിച്ചിരിക്കുന്നു. മകൻ മനസ്സിൽ പിറുപിറുത്തു പറഞ്ഞു:പാവം, അയാളുടെ കുടുംബം എങ്ങനെ സഹിക്കും? അപ്പോൾ ടി.വി-യിൽ ജയിൽ ശിക്ഷ ലഭിച്ചയാളുടെ ചിത്രം വന്നു. അത് അവന്റെ അച്ഛന്റെ പോലത്തെ മുഖച്ഛായമായിരുന്നു. പെട്ടെന്ന് അമ്മ വന്ന് പറഞ്ഞു. മോനെ ചോറ് കഴിക്കെടാ... ഉച്ചത്തിൽ ഉദിച്ച ശബ്ദം മെല്ലെ മെല്ലെ ഇടറാന തുടങ്ങി. “ദൈവമേ... ഇത് നിന്റെ അച്ഛനല്ലേ.” അമ്മയുടെ വാക്കുകൾ കേട്ട് ടി.വി-യിലേക്ക് ഒന്ന് നോക്കി. അമ്മയെ നോക്കുമ്പോഴേക്കും അമ്മ നിലത്തുവീണിരുന്നു. വർഷങ്ങളായി മകന അച്ഛനെകണ്ടിട്ട്. അതുകൊണ്ട് അച്ഛനെ ഓർത്തെടുക്കാൻ കഴിഞ്ഞില്ല അവന്. അമ്മയെ വിളിക്കാൻ തുടങ്ങി അമ്മേ... അമ്മേ... അമ്മയെന്തിനാ അച്ഛനെക്കുറിച്ചാലോചിച്ച് വിഷമിക്കുന്നത് അച്ഛൻ വരും...മകനറിയില്ലായിരുന്നു ടീവിയിലുള്ളത് തന്റെ അച്ഛന്റെ ചിത്രമാണെന്ന്, അത് കണ്ടപ്പോഴാണ് അമ്മ വീണതെന്ന്...

ഇത്രയൊക്കെയായിട്ടും അമ്മയും മകന്റെ അമ്മയുടേയും മനസ്സിലെ ദീപം അണഞ്ഞില്ല. കാത്തിരിപ്പ് തുടരുന്നു...

Farzana Faisal.p

IX F

# നഷ്ട പ്രണയം

'ബേപ്പൂർ സുൽത്താൻ' എന്നു വിളിക്കപ്പെട്ട വൈക്കം മുഹമ്മദ് ബഷീറിന്റെ പ്രശസ്ത നോവലുകളിലൊന്നാണ് 'മതിലുകൾ'. കൗമുദി ആഴ്ചപ്പതിപ്പിൽ 1964–ൽ ഓണം വിശേഷാൽ പതിയിലാണ് മതിലുകൾ ആദ്യമായി പ്രസിദ്ധീകരിച്ചത്. മലയാളത്തിലെ പ്രശസ്തമായ പ്രേമകഥയാണ് മതിലുകൾ. ബഷീറിന്റെ മറ്റു കഥകൾ പോലെ തന്നെ ആത്മകഥാപരമാണ് ഈ നോവലും.

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപ്പോരാളിയുമായിരുന്ന ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 21–ന് വൈക്കം തലയോലപ്പറമ്പിൽ ജനിച്ചു. 1982–ൽ ഇന്ത്യാ ഗവൺമെന്റ് അദ്ദേഹത്തെ പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. 1970–ൽ കേന്ദ്ര സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് നൽകി. ഏറ്റവുമധികം വായിക്കപ്പെട്ട എഴുകാരിലൊരാളെന്നും അദ്ദേഹം വിശേഷിക്കപ്പെട്ടു. ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ. 1994–ജൂലൈ 5ന് അദ്ദേഹം ലോകത്തോട് വിടപറഞ്ഞു.

ബഷീർ ബ്രിട്ടീഷുകാർക്കെതിരെ എഴുതിയെന്ന കുറ്റത്തിന് ജയിലിലെത്തുന്നു. സരസനായ ബഷീർ ജയിലിലെ കുറ്റവാളികളെയും വാർഡറിനെയും സുഹൃത്തുക്കളാക്കുന്നു. ഒരു ദിവസം മതിലിനപ്പുറം സ്ത്രീ ജയിലിൽ നിന്ന് നാരായണി എന്ന സ്ത്രീയുടെ ശബ്ദം കേൾക്കുന്നു. തുടർന്ന് അവർ രണ്ടു പേരും പരിചയത്തിലാവുകയും ഇടയ്ക്കിടെ സംഭാഷണം നടത്തുകയും, ക്രമേണ അവർ പ്രണയത്തിലാവുകയും ചെയ്യുന്നു. മതിലിനു ഇരുവശത്ത് നിന്ന് കാണാതെ തന്നെ അവർ പനിനീർപ്പൂക്കൾ സമ്മാനമായി നൽകുന്നു. ഒരിക്കൽ നാരായണിയും ബഷീറും കണ്ടു മുട്ടാനുള്ള വഴികൾ ചിന്തിക്കുന്നു. കുറച്ചുദിവസങ്ങൾക്കുശേഷം ഒരേ ദിവസം തന്നെ ജയിലിനോടനുബന്ധിച്ചുള്ള ആശുപത്രിയിൽ വച്ച് കണ്ടുമുട്ടാമെന്നതായിരുന്നു നാരായണിയുടെ പ്ലാൻ. പരസ്പരം കണ്ടുമുട്ടുമ്പോൾ എങ്ങനെ മനസ്സിലാക്കുമെന്ന ബഷീറിന്റെ ചോദ്യത്തിന് എനിക്ക് കഷണ്ടിയുണ്ടെന്നും പനിനീർപ്പൂവ് കൈയ്യിലുണ്ടാകുമെന്നുമായിരുന്നു ബഷീറിന്റെ മറുപടി. അതിനുവേണ്ടി ആകാംഷയോടെ കാത്തിരിക്കുന്ന ബഷീറിന് പൊടുന്നനെ ആ വാർത്ത കേൾക്കേണ്ടി വരുന്നു, താൻ അതിനു മുൻപ് തന്നെ ജയിൽ മോചിതനാകുമെന്ന്. അതുവരെ കൊതിച്ചിരുന്ന മോചനം വേണ്ടായെന്ന് അദ്ദേഹത്തിന് തോന്നിത്തുടങ്ങുന്നു. കൈയിൽ ഒരു റോസാപ്പൂഷ്പവും പിടിച്ചു ബഷീർ ജയിലിനടുത്തു നിൽക്കുന്നതായി കാണിച്ചുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്. 'മതിലുകൾ' എന്ന ബഷീറിന്റെ പ്രശസ്ത നോവലിലെ നായകനാണ് ബഷീർ. നായിക നാരായണിയാണ്. ഒരിക്കലും കണ്ടുമുട്ടുന്നില്ലെങ്കിലും അവരിരുവരും അഗാധമായ പ്രണയത്തിലാകുന്നു. ഒരു നഷ്ട പ്രണയത്തിന്റെ വേദനയാണ് നമുക്ക് ഈ നോവൽ പകർന്നു തരുന്നത്. രണ്ടുപേരും പരസ്പരം വേർതിരിക്കരിക്കപ്പെട്ട ജയിലുകളിലാണ് കഴിയുന്നതെങ്കിലും അവരുടെ പ്രേമത്തിന്റെ തീവ്രതയ്ക്ക് അതൊരു ഭംഗവും വരുത്തുന്നില്ല.

ഈ നോവലിനെ അടിസ്ഥാനമാക്കി ഇതേ പേരിൽ അടൂർ ഗോപാലകൃഷ്ണൻ 1989–ൽ സിനിമ സംവിധാനം ചെയ്തിട്ടുണ്ട്. ഈ സിനിമയിലെ നായകൻ മമ്മൂട്ടിയും നായിക കെ.പി.എസ്.സി.ലളിതയുമാരുന്നു.

കപടലോകത്ത് ആത്മാർഥ ഹൃദയമുണ്ടായത് ഇന്ന് പരാജയം. കലിയുഗ കാലഘട്ടത്തിൽ പലരും പ്രണയ നൈരാശ്യം മൂലം ആത്മഹത്യയിലേക്ക് വഴുതി വീഴുന്നുയെന്നതാണ് യാഥാർത്ഥ്യം.

നിവേദിത.വി
IX–C

# ഇന്ദ്രിയങ്ങളെ അതിജീവിച്ച ഒരാൾ

ഡോ.ശുഭ രചിച്ച പ്രസിദ്ധമായ ഗ്രന്ഥമാണ് 'ഹെലൻ കില്ലർ'. വാക്കുകൾ കൊണ്ട് അമ്മാനമാടി ലളിതവും ഗൗരവപൂർണ്ണമായ ഗവേഷണത്തിന്റെ ഫലവുമായി പ്രശസ്തിയാർജിച്ച ഒരു ഗ്രന്ഥമാണിത്. ഹെലൻ കെല്ലറിന്റെ ജീവചരിത്രമെന്നതുപോലെ കെല്ലറുടെ ജീവിതത്തിൽ നടന്ന ഓരോ സംഭവവികാസങ്ങളും ഡോ.ശുഭ ഈ രചനയിൽ വളരെ വ്യക്തമായി അവതരിപ്പിക്കുന്നു.

അസാധ്യം എന്ന പദത്തിന് തന്റെ നിഘണ്ടുവിൽ സ്ഥാനമില്ലെന്ന് പറഞ്ഞത് നെപ്പോളിയനാണെങ്കിലും അത് തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ ഒരാളാണ് ഹെലൻ കില്ലർ. പത്തൊൻപതുമാസം പ്രായമുള്ളപ്പോൾ ഹെലൻ കെല്ലർ മാരകമായ ഒരു രോഗത്തിന് കീഴ്പ്പെട്ടുപോയി. മസ്തിഷ്കജ്വരം എന്ന രോഗത്തിന് കീഴ്പ്പെട്ടുപോയെങ്കിലും അധികം വൈകാതെ ഹെലൻ അതിൽ നിന്നും മുക്തി നേടി. കാണാനും കേൾക്കാനും സംസാരിക്കാനുമുള്ള കഴിവുകൾ ആ രോഗാവസ്ഥ തരണം ചെയ്യതോടു കൂടി അവലെ വിട്ടുപോയി. ഈ അവസ്ഥയിൽ എല്ലാം നഷ്ടപ്പെട്ടവളെ പോലെ ഹെലൻ കെല്ലർ ജീവിക്കാൻ ആഗ്രഹിച്ചില്ല. അവ തരണം ചെയ്ത് താൻ ജീവിക്കുമെന്ന ഒരു മനസ്സുറപ്പ് ഹെലനുണ്ടായിരുന്നു. അതിനു കൂട്ടായി ആനി.സള്ളിവൻ എന്ന ടീച്ചറും. ഉയർന്ന വിദ്യാഭ്യാസം കൈവരിച്ച് ഉയരങ്ങളിലേക്ക് എത്തണം എന്നത് ഹെലന്റെ ജീവിത ലക്ഷ്യമായിരുന്നു. ടീച്ചറുടെ സഹായത്തോടുകൂടി ഹെലൻ തന്റെ അഭിലാഷം സഫലമാകുന്നത് കഥയിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.



കുട്ടിക്കാലം മുതലെ തന്റെ വിദ്യാഭ്യാസം നയിച്ചുകൊണ്ടുപോയിരുന്നത് ആനി സള്ളിവനാണ്. ആ പ്രിയപ്പെട്ട ടീച്ചർ തന്റെ കൂടെ ജീവിതാവസാനം വരെ ടീച്ചറുടെ ജീവിതം തനിക്കായി മാറ്റിവച്ചു. വിവാഹത്തിൽ നിന്നുപോലും ആനി ഹെലന് വേണ്ടി പിന്മാറി. എങ്കിലും ഹെലന്റെ നിരന്തര പ്രേരണയ്ക്ക് വഴങ്ങി ആനി വിവാഹം കഴിച്ചു. ആനിയും ഹെലനും അന്ധരും ബധിരയും മൂകയുമായവർക്കും വേണ്ടി തങ്ങളുടെ ജീവിതാവസാനം വരെ സഹായഹസ്തമായി നിന്നു. എന്നും കർമനിരധരായി പ്രയത്നിച്ചു. ഹെലനും ആനിയും വെളിച്ചമായി മാറി. തന്റെ രോഗാവസ്ഥയും അവശതയും മറന്ന് ഹെലൻ മറ്റുള്ളവർക്കായി

ജീവിച്ചു. അത് കുറേ പേർക്ക് ജീവിക്കാനുള്ള പ്രേരണയായി മാറി.

ആത്മവിശ്വാസവും എന്തും ചെയ്യാനുള്ള ധൈര്യവും തളർന്നുപോകാത്ത മനസ്സുമുണ്ടെങ്കിൽ ഏത് അവസ്ഥയിൽ നിന്നും അതിജീവിക്കാൻ നമുക്ക് സാധിക്കും എന്നതിന്റെ തെളിവാണ് ഹെലൻ കെല്ലറുടെ ജീവിതം. ഈ വരും തലമുറയ്ക്ക് ആത്മവിശ്വാസത്തിന്റെ വിത്തുകൾ പാകി ജീവിതം വിജയകരമായി മുന്നോട്ട് നയിക്കാന ഈ കഥ ഏറെ സഹായകരമാണ്. സോഷ്യൽ മീഡിയയുടെ അമിതമായ ഉപയോഗം മൂലം പുതുതലമുറയുടെ ചിന്താശേഷി വളരെ പിന്നോട്ട് നയിക്കപ്പെടുന്ന ഈ കാലത്ത് ഹെലൻ കെല്ലറിനെപ്പോലുള്ള മഹത്വ്യക്തികളുടെ ജീവിതം ഈ ആധുനിക കാലത്ത് ഏറെ പ്രശസ്തിയാർജ്ജിക്കുന്നു. ഇത്തരം മഹത്വ്യക്തികളുടെ ജീവിതം നമുക്ക് ഏറെ പ്രചോദനകരമാണ്.

-നീരജ.ടി.പി

X-F



# GENDER EQUALITY

Although many people in the world thinks that me are superior .But I think that everybody is equal.The fact men are physically stronger than women is true but men is not on the top,every gender is equal.We cant devide people considering there gender.

In the early centuries men was very superior they were the one who rule the house and kingdom.Womens life was not equal to slaves.But now everything is changing women is on every field right now.There is no field or work where only man works now.The society is changing and the old mentality is changing.But in some parts of the world women are still in prison.

India our country considers "equality" as one of the major civil rights.Comparing to other countries we are the most great in considering every one equal.Ones women didnt had any value in the world.Even if men and women are doing the same work for the same time men got more salary than women.This was ta big discrimination.Women was not meant to be the slaves of men.

Gender eeacefulquality is one of the problem humanity is facing now.Women are now fighting for their rights .They have got the courage torise and they understand the fact that they areanybodys slaves.The government all over the world is supporting women now.They are giving fifty percent consideration for women in every thing.The fecilities such as women help desk,pink police,and women welfare commission are restlessly working to protect the rights of women and maintain equality in the society.

Men and women are all same.They are meant to liove peacefulwithout struggling.But in some places men are trying to rule over women.But in the world of equality everything is peaceful and happy.Lets hope for aworld which doesent devide people consider there gender ,colour,or religion.

SANJAY JITH.PV
X B

# വിദ്യാലയം

വിദ്യ പകർന്നിടും
വാക്കുകൾ പെയ്തിടും
വിഭൂതി തൻ വിദ്യാലയം
ഗുരുക്കന്മാർ അവർ
അനിഷേധ്യർ
വാക്കുകൾ തൂവും വിദ്യാലയം
വാർമഴവില്ലും ഇലതൻ
മർമരം കൂടിച്ചേരുമെൻ
വിദ്യാലയം അത് അനിവാര്യം
പ്രശസ്തി തൻ അടയാളം,
ഓജസ്സിൻ ഉറവിടം
വാർമെത്തുമെൻ
വിദ്യാലയം ഹാ വിദ്യാലയം

**ശ്രേയ.8C**



VASUDEV
X.A


# WHY ....ME

Everyone stand still
Listening to the enormous sound
no one knew what happened
Dark silence coveted their
heart and mind

A solitary heart
covered by mercy and truth
Little ones are screaming
only with one word,help!
Hopless faces,
flowing with sorrow
searching for the only one
the loved ones.
The death belt rings
not to welcome the devils
but the angles
who never knew the answer.

The motherland is asking
not to us but to the world
shh!!help me to get away
from these dirty hands
Not only these killed me
But,torn to pieces
To let the hunger of greedy
Why.....me!;

Samvritha J Sunil
X F


बारिश का एक दिन
मेंढकों की आवाज ।
मूसलधार बारिश के कारण
खेल नहीं पा रहे बच्चे ।
अगर बारिश रुखें तो खेलें ।
माँ बारिश के कारण कपड़े
धो नहीं पा रही
पौधे बारिश से बहुत खुश है
नन्हे नन्हे पौधे उगते है बारिश में
किसान खुश है और सब कहीं ख़ुशहाली है ।
देवानंदा के. वी

# തിരയും തീരവും

എന്റെ പ്രിയ തീരമേയെന്തെ....
നീയെന്നിൽ നിന്നകലുന്നുവോ!!!
ഓരോ തിരയും നിന്നിലെത്താനുള്ള  ശ്രമമല്ലേ സഖി...
ഇലകളെ തലോടി, ശാഖകൾ തഴുകി..
പുൽനാമ്പുകളിൽ പുളകമായി ഒഴുകും കാറ്റും
മേഘമാം സൃഷ്ട്ടിയിൽ തുള്ളിയായെത്തുമീ മഴയും മണ്ണിനെ തലോടവേ...
എന്തിനു നീയെന്നെ ഏകനാക്കി...
അല്ലയോ സാഗരതീരമേ
നിന്നിൽ നിന്നൊരിക്കലും ഞാൻ വേർപെടില്ലല്ലോ
ബധിരമാം ബോധം നിന്നെ വിഴുങ്ങിയോ!
സർവ്വതും ഒന്നു ചിന്തിച്ചു ഞാൻ,....
എന്നും ചിരിതൂകി നിന്നു ഞാൻ
പക്ഷെ നിൻ സ്നേഹം
ഒഴുകിയിന്നെത്തി നിൽപ്പൂ..
നശിപ്പിക്കുമീകണ്ട ജീവനെല്ലാം..
എന്തിന് നീയിന്ന് ത്യാഗിയായി നിൽപ്പു
നീ കാണ്മതില്ലേ  മനുഷ്യ ദ്രോഹങ്ങളെല്ലാം
ഇന്നവർ നിന്നെയും മൂഢയാക്കിയോ
ഇല്ലില്ല തിരയെ നോക്കി നിൽപ്പു
ആ കുഞ്ഞു മുഖം എത്രയോ സന്തോഷിപ്പു
നിന്നെ സ്നേഹിപ്പു
ചിന്തിച്ചു നോക്കു നമ്മുടെ സന്തോഷത്തിനായി ഈ കണ്ട ജീവനെല്ലാം
നശിപ്പിക്കണോ...
ആ ചിരിയെല്ലാമിനിയും മായാതെ..
വിടർന്നു നിൽക്കട്ടെയെന്നും...

അനഘ. M
IX-D

## ജി എച്ച് എസ് എസ് ഉദിനൂരിന്റെ സൈക്കിൾ പെരുമ

ഈ നാട് ഉണരുന്നത് ഇടതടവില്ലാതെ കേൾക്കുന്ന സൈക്കിൾ ബെല്ലിലാണ്.സൈക്കിൾ സ്കൂൾ എന്ന് പതിറ്റാണ്ടായി ഖ്യാതി നേടിയ ഉദിനൂർ ഗവ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളുടെ സൈക്കിൾ ബെല്ലിലാണ് ഉദിനൂർ ദേശം ഉണരുന്നത്.
ആൺ, പെൺ ഭേദമില്ലാതെ വിദ്യാർത്ഥികളുടെ സൈക്കിൾ യാത്രയ്ക്ക് കാൽ നൂറ്റാണ്ടിന്റെ ചരിത്രമുണ്ട്. ഇത്രയധികം വിദ്യാർത്ഥികൾ സൈക്കിളിൽ എത്തുന്നതും അപൂർവ്വമാണ്.
എട്ടു മുതൽ 12-ാം ക്ലാസ്സ് വരെയായി 1600 വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ 960 കുട്ടികൾ സ്കൂളിൽ എത്തുന്നത് സൈക്കിളിൽ ആണ്.യാത്ര സൗകര്യം എന്നതിന് അപ്പുറം കായികക്ഷമതയും ഉറപ്പാക്കുന്നു എന്നതാണ് സൈക്കിൾ യാത്രയ്ക്ക് രക്ഷിതാക്കളും അധ്യാപകരും നാട്ടുകാരും പിന്തുണ നൽകാൻ കാരണം ഇതോടൊപ്പം പരിസ്ഥിതി സംരക്ഷണവും സാധ്യമാകുന്നു.



LEARNING CURVE

### Kasaragod school carves a (cycling) path of its own

CYNTHIA CHANDRAN @TPuram

THIS school in Kasaragod is not reinventing the wheel. Yet, it is imparting a valuable lesson that promises to keep the world going round.

When the bell tolls at Udinur Government Higher Secondary School — to mark the start and end of its daily functioning — it is not greeted by frenzied activity of students being ushered in and out of its premises. Of its 1,348 pupils, around 990 regularly make their way to and from the school on bicycles — in a record of sorts.

At a recent World Environment Day event, the rows of bicycles parked neatly on the 13-acre lush campus rich in fruit-bearing trees, caught the attention of the chief guest, vigilance DySP V Balakrishnan. The former state biodiversity board member later took to social media to narrate the unique story of students and management promoting carbon neutrality. It helps that the area in and around the school, which falls under Trikaripur assembly constituency, is located on relatively flat terrain. Although public transport is available on the route, it is not regular. Over the years students have relied on bicycles for their daily commute — and the activity has been enshrined in the institution's core principles.

Sradha Suresh, a 10th grader, says the daily cycling leaves her feeling refreshed and healthy.

• More on P7

Students of Udinur Government Higher Secondary School in Kasaragod with their bicycles on the school premises

**75% travel on bicycles**

Principal P V Leena said the school has not placed a request for buses as nearly 75% of its students are travelling by bicycles. The school has also registered the bicycles



1600 വിദ്യാർഥികളിൽ 960 പേർക്കും സൈക്കിൾ

### ട്രിൻ... ട്രിൻ ... ഉദിനൂർ

സ്കൂൾ ബസ് വേണ്ട

ആവശ്യം സൈക്കിൾപ്പുര


കാസർഗോഡ് റവന്യു ജില്ലാ
ശാസ്ത്രോത്സവം 2023-24
ഐ ടി മേള
HS SECTION OVER ALL CHAMPIONS
GHSS UDINUR
OUR LITTLE TECHIES


VIBRANT
ONLINE MEDIA
ചെറുവത്തൂർ ഉപജില്ല കേരള
കലോത്സവം വിജയഭേരി മുഴക്കി
ഉദിനൂർ ഗവ.ഹയർസെക്കന്ററി സ്കൂൾ


സുബ്രതോ മുഖർജി കപ്പ്
ജൂനിയർ, സബ്ബ് ജൂനിയർ വിഭാഗം
ജി.എച്ച്.എസ്.എസ്.ഉദിനൂർ
വിജയികളായി.


GHSS UDINUR
Online Art Exhibition
അവധിക്കാല ചിത്രങ്ങൾ
വേനലവധിക്കാലത്ത് കുട്ടികൾ വരച്ച ചിത്രങ്ങൾ
SWIPE











## മഹാഭാരതം

തുടച്ചു മാറ്റി നിങ്ങളെൻ ഉള്ളിൽ നിന്ന്
എന്നെ ഞാനാക്കിയതെല്ലാം
കുത്തി വച്ചു നിങ്ങളെൻ ഉള്ളിൽ
ഞാൻ വേണ്ടെന്ന് ഓതിയതെല്ലാം.
എരിയുന്നു കനൽ എൻ കണ്ണുകളിൽ
ആളിക്കത്തുന്നു, ആളി പടരുന്നു
തീ എൻ നെഞ്ചിൽ
പുക മറയ്ക്കുന്നു നേരിനെ,
മനുഷ്യ മനസിനെ
ആളി പടരുന്നു ജയ് ശ്രീറാം
പരതുന്നു കണ്ണുകൾ
'ഇന്ത്യയെ'
ആർത്തിരമ്പുന്നു  കാതുകളിൽ 'ഭാരതം

ദിയ .വി
X.C

# *THANKS*